# SSLC PRE MODEL EXAMINATION FEB 2022

MALAYALAM
FIRST LANGUAGE PAPER II (SET 1)

Time: 1.5 Hrs

Total Score: 40

==========================================================

**നിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്.ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

==========================================================

## I പാർട്ട് എ

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക 1 സ്കോർ വീതം**

1.കൈച്ചുള്ളികൾ വിഗ്രഹിച്ചെഴുതിയാൽ 1

a.കൈകൾ കൊണ്ടുള്ള ചുള്ളികൾ

b.കൈകളാകുന്ന ചുള്ളികൾ

c.കൈകളും ചുള്ളികളും

d. കൈകൾ എന്ന ചുള്ളികൾ

2."ഇത് കഞ്ഞി കുടിക്കുന്നെന്ന ബാവമേയുള്ളു
അല്ലെടി ഏൻ കുടിക്കുവാ........" (പ്ളാവിലക്കഞ്ഞി) 1

വരികളിൽ തെളിയുന്ന ഭാവമെന്ത്?

a.വാത്സല്യം

b.നിരാശ

c.കോപം

d.ദു:ഖം

3."ഞാൻ പറയും <u>പോയിന്ന് </u>.പോയില്ലാന്ന് എനിക്കല്ലേ അറിയൂ ". (ഓരോ വിളിയും കാത്ത്)
അടിവരയിട്ട പദത്തിൻെറ സൂചനയെന്ത്? 1

a.യാത്ര

b.മരണം

c.തിരിച്ചുപോക്ക്

d.തിരിച്ചുവരവ്

4.'മലരിൻകൂട നിറച്ചുവിറച്ചുനിൽക്കുന്നത് ' (ഓണമുറ്റത്ത്) 1

a.ആമ്പൽ

b.മുക്കുറ്റി

c.തുമ്പ

d.കമുകിൻ പൂവ്

5.കോഴിയും കിഴവിയും എന്ന കഥയിലെ മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് 1

a.മിന്നുന്നതെല്ലാം പൊന്നല്ല

b.ഗതികെട്ടാൽ പുലി പുല്ലും തിന്നും

c.പാലുകൊടുത്ത കൈയ്ക്ക് കടിക്കുക

d.താണ നിലത്തേ നീരോടൂ.

1

6.മാതൃക പോലെ എഴുതുക

നെൽപ്പുര_ നെല്ല് + പുര

കാൽച്ചുവട്....................

a.കാല് +ചുവട്

b.കാൽ +ചുവട്

c.കാലിൻ +ചുവട്

d.കാല് +ച്ചുവട്

**പാർട്ട് ബി**

**7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.1 സ്കോർ വീതം**

7.'ബയണറ്റിനെക്കാൾ നെപ്പോളിയൻ പേടിക്കുന്നത് .............' (പത്രനീതി) 1

a.ആയുധത്തിനെ

b.യുദ്ധത്തിൻെറ ഓർമ്മകളെ

c പത്രങ്ങളെ

d.സാഹിത്യത്തിനെ

8.'അമ്മതൻ ചിൻമുദ്രയാണീയെഴുത്തുകൾ..' (അമ്മയുടെ എഴുത്തുകൾ)

ചിൻമുദ്ര എന്ന് വിശേഷിപ്പിക്കുന്നത്. 1

a.സംഗീതത്തിനെ

b.ഓർമ്മകളെ

c.മാതൃഭാഷയെ

d.കവിതയെ

9.ചാക്കുണ്ണിയെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന (പണയം) 1

a.റേഡിയോ ഒരു സ്വപ്നമായിരുന്നു

b.റേഡിയോ സ്വന്തമാക്കിയതിൽ അഭിമാനിക്കുന്നു

c.ജോലിയിൽ ശ്രദ്ധകുറഞ്ഞതിനാൽ റേഡിയോ ഉപേക്ഷിച്ചു

d.മകൻെറ ചികിത്സക്കായി റേഡിയോ പണയം വെച്ചു

**II പാർട്ട് എ**

**(ചോദ്യത്തിന് ഉത്തരം എഴുതുക 2 സ്കോർ)**

10.അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കുക 2

"കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ ഇരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.

**പാർട്ട് ബി**

**(11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 2 സ്കോർ വീതം)**

11."ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി ,അവരെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കി." (ശ്രീനാരായണഗുരു)

വാക്യത്തിൽ തെളിയുന്ന സാമൂഹികാവസ്ഥയെക്കുറിച്ചുള്ള രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക

12.അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തുക 2

നൂലുകോർത്ത് <u>കുഴിഞ്ഞുപോയ</u> കണ്ണുകൾ 2

മരംവീണ് <u>കുഴിഞ്ഞുപോയ</u> നിലം

III പാർട്ട് എ

**(13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**
**3 സ്കോർ വീതം)**

13."എങ്ങുമുറങ്ങാതെനാടും വയ-
ലേലകൾ തോറും നടുവിൽ പൊൽഹരിഴ-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ " (ഓണമുറ്റത്ത്)

വരികളിലെ കാവ്യഭംഗി കണ്ടെത്തി കുറിപ്പുതയ്യാറാക്കുക. 3

14.'കൊച്ചു ചക്കരെച്ചി വീഴില്ല ,വീണാലും അവൾ ആപത്ത് വരുത്തുകയില്ല എന്ന ഉറച്ച നിലയായിരുന്നു അമ്മക്ക് ' (കൊച്ചുച്ചക്കരെച്ചി)

പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് അമ്മയും കൊച്ചുചക്കരെച്ചിയയും തമ്മിലുള്ള ആത്മബന്ധം വിശകലനം ചെയ്ത് കുറിപ്പുതയ്യാറാക്കുക. 3

15 "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു."

ഈ വരികളിൽ തെളിയുന്ന സാമൂഹിക വിമർശനം എന്തെല്ലാം? 3

16."ഒരു ചട്ടിയുടെ ഇരു വശത്തുമായി ഭാര്യയും ഭർത്താവും ഇരുന്നു.അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചുതുടങ്ങി." 3

ദാരിദ്ര്യത്തെപ്പോലും അതിജീവിക്കുന്ന സ്നേഹബന്ധമാണ് പ്ളാവിലകഞ്ഞിയിലുള്ളത്.സ്വാഭിപ്രായം എഴുതുക

**പാർട്ട് ബി**

**(ചോദ്യത്തിന് ഉത്തരമെഴുതുക 3 സ്കോർ)**

17."ഇതൊക്കെ കുട്ട്യോളെ പോലെ നോക്കേണ്ട സാധനങ്ങളാണേ,റേഡിയോയുടെ പിന്നില് നോക്ക്യാ അറിയാം ,ഒരു കുട്ടീടെ പടം" (പണയം)

റേഡിയോ ഈ കഥയിലെ പ്രധാന കഥാപാത്രമാണ് .മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കുക 3

**IV പാർട്ട് എ**

**(18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക**
**4 സ്കോർ വീതം)**

18."അച്ഛൻെറ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്ന് പോയതുപോലെ " 4
"ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു"(ഓരോ വിളിയും കാത്ത്)

ഇത്തരം പ്രയോഗങ്ങൾ കഥയുടെ ഭാവതലത്തെ തീവ്രമാക്കുന്നില്ലേ? കൂടുതൽ സന്ദർഭങ്ങൾ പരിഗണിച്ച് കുറിപ്പെഴുതുക

19."എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടുകരിന്തിരിയാളും വരെയവർ " (അമ്മത്തൊട്ടിൽ)

"ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ " (ഓരോ വിളിയും കാത്ത്)

രണ്ടു രചനകളിലേയും മക്കളുടെ സമീപനം ഒന്നാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക 4

20."മഴകൊണ്ടാലും പാവം തുമ്പകൾ
മലരിൻ കൂടനിറച്ചുവിറച്ചേ
നിൽക്കുകയല്ലോ മേടുകൾ തോറും " (ഓണമുറ്റത്ത്)

മാവേലിയെ വരവേൽക്കാൻ പ്രകൃതി ഒരുങ്ങി നിൽക്കുന്നതിൻെറ ദൃശ്യങ്ങൾ എങ്ങനെയെല്ലാമാണ് കവി ആവിഷ്ക്കരിച്ചിരിക്കുന്നത്.വിശദമാക്കുക 4

പാർട്ട് ബി

**(21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 4 സ് )**

21."ജാതിമതഭേദങ്ങൾക്കപ്പുറത്ത് മനുഷ്യനെ മനുഷ്യനായി കാണാൻ ലോകത്തെ പഠിപ്പിച്ച മഹാനാണ് ശ്രീനാരായണഗുരു "

പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

22."പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു "

പത്രമാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകൻെറ നിരീക്ഷണങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം യുക്തിപൂർവ്വം സമർത്ഥിക്കുക

**V പാർട്ട് എ**

**( 23-24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.5 സ്കോർ )**

23."ഞാനെങ്ങന്യാ മോനേ വര്വാ?അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ...ഇന്നലേംവിളിച്ചു.വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വച്ചാൽ....."

(ഓരോ വിളിയും കാത്ത്)

കൂടുതൽ സന്ദർഭങ്ങൾ പരിഗണിച്ച് അമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക

24."അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി.കപ്പ തന്നെ കപ്പ്!.അതാ ഈവെളർച്ച.അവടെങ്ങും നെല്ല് കണി കാണാനില്ല.ഒള്ളോൻ വെളീ കാണിക്കത്തില്ല.രാത്രീല് ഏഴ് രൂപയാ വെല..."(പ്ളാവിലക്കഞ്ഞി)

കർഷകരുടെ ജീവിതയാഥാർത്ഥ്യങ്ങൾ പച്ചയായി ആവിഷ്ക്കരിക്കുന്ന നോവലാണ് 'രണ്ടിടങ്ങഴി'.പ്ളാവില കഞ്ഞി എന്ന പാഠഭാഗം പരിഗണിച്ച് അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക

*****************